(സി) നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ ഒരു ട്രെയിനിന്റെ ബ്രേക്ക് പൈപ്പ് മുറിച്ച സംഭവം, വഞ്ചിനാട് എക്സ്പ്രസ് ട്രെയിനിൽ സ്ഫോടകവസ്തു കണ്ടെത്തിയ സംഭവം എന്നിവയെക്കുറിച്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) സംസ്ഥാന ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന കേസുകൾ മാത്രം അന്വേഷിക്കുന്നതിനായി 17-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2333/2010/ആഭ്യന്തരം പ്രകാരം ഒരു ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ട്.

അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയ സംഭവം

4 (4607) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയ സംഭവത്തിൽ ഏത് സംഘടനയിലെ പ്രവർത്തകരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത സംഘടനയ്ക്ക് ഏതെങ്കിലും വിദേശ തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്ത് നടന്ന മറ്റു തീവ്രവാദ പ്രവർത്തനങ്ങളുമായി പ്രസ്തുത സംഘടയ്ക്ക് ഉള്ള ബന്ധത്തെ സംബന്ധിച്ച് അന്വേഷിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സംഘടനയെ നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കോളേജ് അദ്ധ്യാപകന്റെ കൈ വെട്ടിമാറ്റിയ സംഭവത്തിൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന ക്രൈം നമ്പർ 704/2010 കേസ്സിന്റെ പ്രാരംഭ അന്വേഷണത്തിൽ ടി കേസ്സിലെ പ്രതികൾ പോപ്പുലർ ഫ്രണ്ട്/എസ്.ഡി.പി.ഐ. എന്നീ സംഘടനകളിലെ പ്രവർത്തകരാണെന്ന് വെളിവായിട്ടുണ്ട്.

(ബി) പ്രസ്തുത സംഘടനകൾക്ക് ഏതെങ്കിലും വിദേശ തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടോയെന്ന് അന്വേഷണം നടത്തിവരുന്നു.

(സി & ഡി) സംസ്ഥാനത്ത് നടന്ന മറ്റ് തീവ്രവാദ പ്രവർത്തനങ്ങളുമായി പ്രസ്തുത സംഘടനയ്ക്ക് ബന്ധമുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. ഇതേ സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly